(18) തിരുവമ്പാടിക്ക് പ്രഥമ പരിഗണന

ശ്രീ. സി. മോയിൻകുട്ടി: സർ, ജൈവ കാർഷിക സംസ്ഥാനമായി പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാനത്ത് ഘട്ടംഘട്ടമായി ജൈവ കൃഷിയിലേയ്ക്ക് മടങ്ങാനുള്ള തീരുമാനം വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. അതിൽ പുരോഗതിയുമുണ്ടായിട്ടില്ല. വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ സൃഷ്ടിക്കുന്ന മാരകമായ രോഗങ്ങളെക്കുറിച്ച് നിരവധി ചർച്ചകൾ ഈ വേദിയിൽ വന്നിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ ചില ചലനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തെങ്ങ്, പച്ചക്കറി കൃഷിയിൽ നിരവധി അവാർഡുകൾ വാരിക്കൂട്ടിയ മണ്ഡലമാണ് എന്റെ മണ്ഡലം. അതുകൊണ്ടുതന്നെ ജൈവകൃഷി മണ്ഡലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എന്റെ മണ്ഡലത്തിൽ തന്നെ നിർവ്വഹിക്കണമെന്ന അവകാശം ഈ സന്ദർഭത്തിൽ ഉന്നയിക്കുകയാണ്. കൃഷി ലാഭകരമല്ലാത്ത സാഹചര്യത്തിൽ ലക്ഷക്കണക്കിന് ഭൂമി തരിശാക്കിയിട്ട സംസ്ഥാനമാണ് കേരളം. ഈ പ്രഖ്യാപനം കൊണ്ട് മാത്രം കാര്യമില്ല, ജൈവകൃഷിയുടെ മഹത്വം നന്നായി അറിയാവുന്ന കർഷകരാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ സാമ്പത്തിക ചെലവ് പരിഹരിക്കാനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്. കർഷകർക്കാവശ്യമായ ജൈവവിത്ത്, ജൈവവളം, ജൈവകീടനാശിനി മുതലായവ കൃഷി ഓഫീസ് വഴി നൽകാൻ നടപടിയുണ്ടാകണം. മതിയായ ഫണ്ട് ലഭ്യമായെങ്കിൽ മാത്രമേ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കൂ. വിഷലിപ്തമായ ഭക്ഷണം കഴിച്ച് മാരകമായ രോഗം ബാധിച്ച ആളുകളെ ചികിൽസിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിലെ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്ന പണത്തിന്റെ നല്ലൊരുഭാഗം കുറച്ചുകൊണ്ടുവരാൻ ഈ നടപടിയിലൂടെ അങ്ങേക്ക് സാധിക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കണം. കാർഷികമേഖലയിൽ ജൈവകൃഷി ഉപദേശിക്കുന്നതോടൊപ്പം വളവും കീടനാശിനിയും അതുപോലുള്ള കാര്യങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ശക്തമായ ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഈ സ്വപ്നം സാക്ഷാത്കരിക്കുകയുള്ളൂ. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രായോഗികമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാരും രാഷ്ട്രീയ നേതൃത്വവും വിദ്യാർത്ഥികളും ചെയ്തുവരുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അതിൽ കൂടുതൽ ശക്തമായി ഇടപെടാനുള്ള കർമ്മ പരിപാടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കർഷകർക്ക് വിത്ത്, വളം, ജൈവകീടനാശിനി എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. മലയോര കാർഷിക മേഖലയായ തിരുവമ്പാടി മണ്ഡലത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനുവേണ്ടിയാണ് പ്ലസ് ടു വിദ്യർത്ഥിയായ സൂരജ് എം.എൽ.എ.-മാർക്കുവേണ്ടി ഒരു ക്ലാസ് ഈ നിയമസഭയുടെ ലോഞ്ചിൽ വച്ച് നടത്തിയത്.

(19) യുവാവിന്റെ അപകട മരണം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അജയ് ജോസഫ് എന്ന ചെറുപ്പക്കാരൻ ഒക്ടോബർ 10-ന് രാത്രി റോഡിൽ പരുക്കുപറ്റി മരണപ്പെട്ടതായി കാണപ്പെട്ട റോഡപകടമെന്ന നിലയിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അപകടത്തിന്റെ കാരണം എന്താണ്, വാഹനം ഇടിച്ചതാണോ അല്ലയോ; ഏത് വാഹനമാണ് ഇടിച്ചത്; തുടങ്ങിയ കാര്യങ്ങളൊന്നും അന്വേഷിച്ച് കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ അക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 10-10-2014-ന് രാത്രി 12.15-നും 1.15-നും ഇടയ്ക്കുള്ള സമയത്ത് ആറളം അംശം അത്തിക്കൽ സ്ഥലത്ത് ജോസഫ് മകൻ അജയ് ജോസഫ് എന്ന 23 വയസ്സുള്ള യുവാവ് റോഡിൽ വാഹനമിടിച്ച് രക്തം വാർന്നുകിടക്കുന്ന വിവരം ആറളം പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്ഥലത്തെത്തി അയാളെ ഉടൻതന്നെ താലൂക്ക് ആശുപത്രിയിലെത്തിച്ചു അവിടെ വച്ച് ഡോക്ടർമാർ മരണപ്പെട്ടതായി അറിയിച്ചതിനെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ ഫോറൻസിക് വിഭാഗം പോസ്റ്റുമോർട്ടം നടത്തി. ഡോക്ടറോട് ചോദിച്ചപ്പോൾ വളരെ വേഗതയിൽ ഓടിച്ചുവന്ന വാഹനം ഇടിച്ചതിനെ തുടർന്നാണ് മരണമുണ്ടായതെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. 55 സെ.മീ. ഉയരമുള്ള ബംബറുള്ള വാഹനമാണ് ഇടിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അജയ് ജോസഫിന്റെ ബന്ധു സെബാസ്റ്റ്യന്റെ മൊഴി പ്രകാരം ആറളം പോലീസ് സ്റ്റേഷനിൽ IPC 279, 304 (A) പ്രകാരം ക്രൈം നമ്പർ 395/14 ആയി കേസ് രജിസ്റ്റർ ചെയ്ത് സബ് ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly